# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 618 — 02-12-2014-ൽ മറുപടിക്ക്

## വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും നേരിടുന്ന വെല്ലുവിളികൾ

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ഡോ. എൻ.ജയരാജ്
ശ്രീ. പി.സി.ജോർജ്

(എ) വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണ് ;

(ബി) ഇപ്രകാരമുള്ള വെല്ലുവിളകളെ അതിജീവിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) സർക്കാർ വിഭാവനം ചെയ്തിട്ടുള്ള വികസന മേഖല പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും നേരിടുന്ന പ്രധാന വെല്ലുവിളി ഭൂമിയുടെ ദൗർലഭ്യമാണ്. കൂടാതെ, ബാങ്ക് വഴി ആവശ്യമായ ധനസഹായം ലഭിയ്ക്കാത്തതും, വൈദ്യുതി കണക്ഷൻ സമയത്ത് ലഭിയ്ക്കാത്തതും അടിയ്ക്കടിയുള്ള പവർകട്ടും ലോഡ് ഷെഡ്ഡിംഗും വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു. കൂടാതെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള NOC, ലൈസൻസ് എന്നിവ ലഭിയ്ക്കുവാനുള്ള ബുദ്ധിമുട്ടുകളും വെല്ലുവിളികളാണ്.

(ബി) & (സി) സംസ്ഥാനത്ത് ഇടത്തര വൻകിട വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമിയും, ധനവായ്പയും, വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസുകളും നൽകി വ്യവസായം ആരംഭിക്കുവാനുള്ള അത്യാവശ്യ സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി മുഖേന ഇപ്പോൾ ലഭ്യമാക്കി വരുന്നു.

ഇതു കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും

കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി തുടർന്നും അവതരിപ്പി ക്കുന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, പദ്ധതികളെപ്പറ്റി വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കി കൊണ്ട് അംഗീകാരം നൽകുന്നതിനായി ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കേരളത്തിൽ വ്യവസായ രംഗത്ത് ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങളെപ്പറ്റി വിശദമായി ചർച്ച ചെയ്യുന്നതിനും കേരള ത്തിലേയ്ക്ക് നിക്ഷേപ സാധ്യതകൾ ആകർ ഷിക്കുന്നതിനും വേണ്ടിയുള്ള മേഖലകൾ കണ്ടെത്തുന്നതിനുമായി ഒരു ഇൻവെസ്റ്റ് മെന്റ് പ്രമോഷൻ ബോർഡും രൂപീ കരിച്ചിട്ടുണ്ട്.

ഇത്തരം തടസ്സങ്ങൾ നീക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും Single Window Clearance Board സംവിധാനം പ്രവർത്തിക്കുന്നുണ്ട്. വ്യവസായ ആവശ്യ ത്തിന് ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. MSME വിഭാഗത്തിലെ നിക്ഷേപകർക്ക് വായ്പ ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിലും ക്ലിയറൻസു കളും ലൈസൻസികളും പെർമിറ്റുകളും ലഭ്യമാക്കുന്നതിന് അതാത് ഏജൻസികളു മായും നിക്ഷേപകർക്ക് വേണ്ടി ഹാൻഡ് ഹോൾഡിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. ചെറുകിട മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ഇന്റൻസീവ് ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവ് (IID) നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ